"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - കാസറഗോഡ് വികസന പാക്കേജ് - റോഡ് നിർമ്മാണം - പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.197/2026/P&EA തിരുവനന്തപുരം, 05-05-2026

---

പരാമർശം:- 1. സ.ഉ(കൈ) നം.7/2024/P&EA തീയതി 23.02.2024.

2. കാസറഗോഡ് ജില്ലാ കളക്ടറുടെ 04.03.2026 തീയതിയിലെ DCKSGD/2368/2024-PAIT/KDP നമ്പർ കത്ത്.

**ഉത്തരവ്**

2023-24 സാമ്പത്തിക വർഷം കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 'ബന്തടുക്ക-വീട്ടിയാടി-ചാമുണ്ഡിക്കുന്ന്-ബളാംതോട് റോഡ് (0/000- 4/700 കി.മീ.) നവീകരണം' എന്ന പ്രവൃത്തിക്ക് പരാമർശം (1) പ്രകാരം 850 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതുപ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഒരു വർഷമായിരുന്നു.

2. പരാമർശിത ഉത്തരവിൽ നിർദ്ദേശിച്ചിരുന്നതുപ്രകാരം പ്രസ്തുത പ്രവൃത്തി നിശ്ചിത കാലയളവിനുള്ളിൽ പൂർത്തീകരിക്കുവാൻ സാധിച്ചില്ലെന്നും നിലവിൽ 45% പൂർത്തിയായ പ്രവൃത്തിയുടെ കാലാവധി പിഴ കൂടാതെ 30.06.2026 വരെ ദീർഘിപ്പിച്ച് നൽകണമെന്നും ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 'ബന്തടുക്ക-വീട്ടിയാടി-ചാമുണ്ഡിക്കുന്ന്-ബളാംതോട് റോഡ് (0/000-4/700കി.മീ.) നവീകരണം' എന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി, ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി, പിഴ കൂടാതെ 30.06.2026 വരെ ദീർഘിപ്പിച്ച് നൽകി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

- നീട്ടി നൽകുന്ന കാലാവധിയായ 30.06.2026-നകം പ്രവൃത്തി പൂർണ്ണമായും പൂർത്തിയാക്കിയിരിക്കണം. ഇതിൽ കൂടുതൽ സമയം അനുവദിക്കില്ലെന്ന് വ്യവസ്ഥ ചെയ്യേണ്ടതാണ്.
- അവശേഷിക്കുന്ന 55% പ്രവൃത്തികൾ തീർക്കാൻ പ്രതിവാര/പ്രതിമാസ ലക്ഷ്യങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള ഒരു പുതിയ ആക്ഷൻ പ്ലാൻ കരാറുകാരനിൽ നിന്ന്

വാങ്ങേണ്ടതാണ്.

- പുതുക്കിയ സമയപരിധിക്കുള്ളിലും പ്രവൃത്തി തീർക്കുന്നില്ലെങ്കിൽ കനത്ത പിഴ ഈടാക്കുമെന്ന നിബന്ധന ചേർക്കേണ്ടതാണ്.
- കെ.എസ്.ഇ.ബി (പോസ്റ്റ് മാറ്റുന്നതിന്), വാട്ടർ അതോറിറ്റി (ജെ.ജെ.എം പൈപ്പ് ലൈൻ) എന്നിവരുമായി ചേർന്ന് തടസ്സങ്ങൾ വേഗത്തിൽ നീക്കുന്നുണ്ടെന്ന് ജില്ലാ ഭരണകൂടം ഉറപ്പാക്കേണ്ടതാണ്.
- ജൂൺ മാസത്തിലെ മഴ ആരംഭിക്കുന്നതിന് മുൻപ് തന്നെ ടാറിംഗ് പോലുള്ള പ്രധാന ജോലികൾ പൂർത്തിയാക്കാൻ നിർദ്ദേശം നൽകണം.
- വേഗത്തിൽ പണി തീർക്കുമ്പോൾ റോഡിന്റെ ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാൻ പി.ഡബ്ല്യു.ഡി അധികൃതർ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തണം.
- പദ്ധതി പൂർത്തീകരണത്തിന് തടസ്സമായി പറഞ്ഞിട്ടുള്ള പ്രൈവറ്റ് ലാൻഡ് തടസ്സങ്ങൾ (Private land issues) പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാജി ടി എസ്
അണ്ടർ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
ജില്ലാ കളക്ടർ, കാസറഗോഡ്
ചീഫ്, കൃഷി വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ, കാസറഗോഡ് വികസന പാക്കേജ്
ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസറഗോഡ്
പൊതുമരാമത്ത് വകുപ്പ്
വെബ് & ന്യൂ മീഡിയ (ഐ&പിആർഡി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Alen Alphonse
Date: 05-05-2026 16:58:16
സെക്ഷൻ ഓഫീസർ